## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4936 | 05.02.2014-ൽ മറുപടിക്ക് |
| --- | --- |

### ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ സ്ഥലം മാറ്റുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ.പി.തിലോത്തമൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ എന്നാണ് ഭേദഗതി ചെയ്തിട്ടുള്ളത് എന്നു അറിയിക്കുമോ; | (എ) | 27.12.2012-ലാണ് കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അവസാനമായി ഭേദഗതി ചെയ്തിട്ടുള്ളത്. |
| (ബി) | ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാരെ സ്ഥലം മാറ്റുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (ബി) | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ സ്ഥലം മാറ്റം നടത്തി വരുന്നത്. |
| (സി) | ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാരായി സർവ്വീസിൽ കയറിയവർക്ക് മാത്രം സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ? | (സി) | സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി സർവ്വീസിൽ കയറിയവർക്കും അർഹതയുടെ അടിസ്ഥാനത്തിൽ ചട്ട പ്രകാരം സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകാറുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ